## പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്)& ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ (ഫുൾ അഡീഷണൽ ചാർജ്ജ്) നടപടി ഉത്തരവ്

പുറപ്പെടുവിക്കുന്നത് : കെ.ജെ.വറുഗീസ് ഐ.എഫ്.എസ്.

**വിഷയം:** വനംവകുപ്പ് - ജീവനകാര്യം - കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ശ്രീമതി. മഞ്ചുള.കെ.എസ്.-ന്റെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് സീനിയർ ഗ്രേഡ് തസ്തികയിലെ പ്രാബല്യതീയതി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

**സൂചന:**
1) ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 30.07.2015-ലെ ഉത്തരവ് നമ്പർ ഇ2-18385/15.
2) ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 12.11.2015-ലെ ഉത്തരവ് നമ്പർ ഇ2-49357/15.
3) ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 12.05.2016-ലെ ഉത്തരവ് നമ്പർ ഇ2-18385/15.
4) പാലക്കാട് കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ ജില്ലാ ഓഫീസറുടെ 25.01.2017-ലെ PIV(1)3193/04-ാം നമ്പർ കത്ത്.

83
15/3/17
APCCF (FMIS)

### ഉത്തരവ് നമ്പർ ഇ2-18385/15 തീയതി : 07-03-2017

കേരള വനംവകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ 01.06.2015 തീയതി പ്രാബല്യത്തിലുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റ് സൂചന (1) ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പാലക്കാട് ജില്ല പബ്ലിക് സർവ്വീസ് കമ്മിഷന്റെ 26.03.2009-ലെ PII(3) 3193/04-9 നമ്പർ നിയമന ശുപാർശ പ്രകാരം തിരുവനന്തപുരം യൂണിവേഴ്സിറ്റി അപ്പലേറ്റ് ട്രൈബ്യൂണലിന്റെ ഓഫീസിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ നിയമിതയായ ശ്രീമതി. മഞ്ചുള.കെ.എസ്.-ന് വനംവകുപ്പിൽ പാലക്കാട് ജില്ലയിലെ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഈസ്റ്റേൺ സർക്കിൾ) ഓഫീസിലേക്ക് അന്തർവകുപ്പ് സ്ഥലംമാറ്റം അനുവദിച്ചുകൊണ്ട് സൂചന (2) പ്രകാരം ഉത്തരവായിരുന്നു. 06.2.2013-ലെ സർക്കാർ ഉത്തരവ് (പി)നമ്പർ 5/2013/P&ARD-ലെ ഖണ്ഡിക 3(VIII)ലെ വ്യവസ്ഥ

പ്രകാരം അന്തർവകുപ്പ് സ്ഥലംമാറ്റം അനുവദിച്ചവർക്ക് തങ്ങളുടെ ആദ്യ വകുപ്പിലെ ആദ്യ നിയമന ശുപാർശ തീയതിയുടെ അടിസ്ഥാനത്തിൽ പുതിയ വകുപ്പിൽ സീനിയോറിറ്റിയ്ക്ക് അർഹതയുള്ളതായി 10.07.2014-ലെ സർക്കാർ ഉത്തരവ് (പി)20/2014/P&ARD പ്രകാരം നിഷ്കർഷിച്ചിട്ടുള്ളതിനാൽ ശ്രീമതി.മഞ്ജുള. കെ.എസ്-ന്റെ സ്ഥാനം കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ സീനിയർ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ വിഭാഗത്തിൽ ക്രമനമ്പർ (6). ശ്രീമതി. കാന്തി സുബ്രഹ്മണ്യം, ക്രമനമ്പർ (7) ശ്രീമതി.എസ്.ഒ.രമ എന്നിവർക്കിടയിലായി 6(A) താത്ക്കാലികമായി നിശ്ചയിച്ച് സൂചന (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിനെതിരെ ലഭിച്ച പരാതികൾ വിശദമായി പരിശോധിക്കുകയും പാലക്കാട് ജില്ലാ പബ്ലിക് സർവ്വീസ് കമ്മീഷൻ ഓഫീസറുടെ സൂചന (4) പ്രകാരമുള്ള നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ ശ്രീമതി. മഞ്ജുള. കെ.എസ്.-ന്റെ സ്ഥാനം സീനിയോറിറ്റി ലിസ്റ്റിൽ 6(A) ആയി നിലനിർത്താമെന്ന് ബോദ്ധ്യപ്പെട്ടു.

മേൽ സാഹചര്യത്തിൽ ശ്രീമതി. മഞ്ജുള.കെ.എസ്-ന്റെ സ്ഥാനം കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റിലെ സീനിയർ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് വിഭാഗത്തിൽ ക്രമനമ്പർ (6) ശ്രീമതി. കാന്തി സുബ്രഹ്മണ്യം, ക്രമനമ്പർ (7) ശ്രീമതി.എസ്.ഒ.രമ. എന്നിവർ ക്കിടയിലായി 6(A)ആയി നിശ്ചയിച്ചുകൊണ്ടും ശ്രീമതി.മഞ്ജുളകെ.എസ്-ന് 01.06.2016 തീയതി പ്രാബല്യത്തിൽ സീനിയർ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ആയി സ്ഥാനക്കയറ്റം നൽകികൊണ്ടും ഉത്തരവാകുന്നു.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്) &
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
(ഭരണം) (ഫുൾ അഡീഷണൽ ചാർജ്ജ്)

*D:\Preetha 17\Procee\E2-18385-15 dt 1.3.17M (2).doc*

പകർപ്പ്:- 1. ശ്രീമതി.മഞ്ചുള കെ.എസ്- കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് O/o ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, (ഈസ്റ്റേൺ സർക്കിൾ) പാലക്കാട്..

2. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഈസ്റ്റേൺ സർക്കിൾ) പാലക്കാട്.

3. വനംവകുപ്പ് വെബ്സൈറ്റിൽ. APCCF (FMIS)

4. സ്റ്റോക്ക് ഫയൽ.

D:\Preetha 17\Procee\E2-18385-15 dt 1.3.17M (2).doc

FMIS